# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.12.2025**

### പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് തുടക്കമായി. ഇന്ത്യയെ വികസനത്തിലേക്ക് നയിക്കാനുള്ള ശ്രമങ്ങൾക്ക് ഊർജം പകരുന്നതാണ് പാർലമെൻറ് സമ്മേളനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ശീതകാല സമ്മേളനത്തിൻറെ ആദ്യ ദിനം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ തടസ്സപ്പെട്ടു. രാജ്യസഭയിൽ ജമ്മു കശ്മീരിൽ നിന്നുള്ള മൂന്ന് പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു.

3. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. പ്രചാരണം ഊർജിതമാക്കി മുന്നണികൾ.

4. സംസ്ഥാന ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് ഭവൻ ഇനി മുതൽ ലോക് ഭവൻ എന്നറിയപ്പെടും.

5. എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളിൽ പരിവർത്തനം കൊണ്ടുവരുക എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക എയ്ഡ്സ് ദിനം.

6. ഗുരുവായൂർ ഏകാദശി തൊഴാൻ വൻ ഭക്തജനത്തിരക്ക്. പ്രശസ്തമായ ചെമ്പൈ സംഗീതോത്സവത്തിന് ഇന്ന് സമാപനം.

******************************

RNU TVPM

## ശീതകാല സമ്മേളനം (INTRO)

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് തുടക്കമായി. 19 ദിവസങ്ങളിലായി 15 സിറ്റിംഗുകളാണ് ഉണ്ടാവുക. ആണവോർജ്ജ ബിൽ, കോർപ്പറേറ്റ് നിയമ (ഭേദഗതി) ബിൽ 2025, സെൻട്രൽ എക്സൈസ് (ഭേദഗതി) ബിൽ തുടങ്ങി 13 ബില്ലുകളാണ് ഈ സമ്മേളനത്തിൽ പ്രധാനമായി പരിഗണിക്കുന്നത്. ഇന്ത്യയെ വികസനത്തിലേക്ക് നയിക്കാനുള്ള ശ്രമങ്ങൾക്ക് ഊർജം നൽകുന്നതാണ് പാർലമെന്റിന്റെ ശീതകാല സമ്മേളനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശൈത്യകാല സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാർലമെന്റിൽ യുവാക്കളായ അംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(വോയിസ് പി.എം)**

****************************

RNU TVPM

## LOKSABHA

ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിനം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ തടസ്സപ്പെട്ടു. രണ്ട് മണി വരെ സഭ നിർത്തിവച്ചു. അംഗങ്ങൾ സഭയുടെ മാന്യതക്ക് അനുസരിച്ച് പെരുമാറണമെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞു. രാജ്യസഭയിൽ ജമ്മു കശ്മീരിൽ നിന്നുള്ള മൂന്ന് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെയാണ് നടപടികൾ ആരംഭിച്ചത്. നാഷണൽ കോൺഫറൻസ് പാർട്ടിയിൽ നിന്നുള്ള അംഗങ്ങളാണ് സത്യപ്രതിജ്ഞ ചെയ്തത്. അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ജമ്മു കശ്മീരിന് രാജ്യസഭാ പ്രാതിനിധ്യം ലഭിക്കുന്നത്.

****************************

## പിഎം - രാജ്യസഭ

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ രാജ്യസഭാ ചെയർമാനാകുന്ന ആദ്യ പാർലമെൻറ് സമ്മേളനമാണ് ഇത്. രാജ്യസഭ ചെയർമാനായ സി.പി രാധാകൃഷ്ണന് പ്രധാനമന്ത്രി ആശംസകൾ

നേർന്നു. സാമൂഹ്യസേവനത്തിനായി ജീവിതം ഉഴിഞ്ഞു വച്ച വ്യക്തിയാണ് അദ്ദേഹമെന്ന് പ്രധാനമന്ത്രി രാജ്യസഭയിൽ പറഞ്ഞു.

***************************

## രത്തൻ യു കേൽക്കർ

കേരളത്തിൽ SIR ൻറെ ഭാഗമായി 81 ശതമാനം എന്യുമറേഷൻ ഫോമുകളുടെയും അപ്‌ലോഡിങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഫോം ഇതുവരെയും പൂരിപ്പിച്ചു നൽകാത്തവർ എത്രയും വേഗം ബി എൽ ഒ മാർക്ക് കൈ മാറണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കിടപ്പ് രോഗികൾ, പ്രായമായവർ, ശാരീരികമായി വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെ പട്ടികയിൽ ചേർക്കാൻ വിട്ടു പോയവരെ ചേർക്കുന്നതിനാണ് ഇനി കൂടുതൽ പ്രാധാന്യം നൽകുന്നത്.

RNU TVPM

***************************

## തിരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൻറെ തയ്യാറെടുപ്പുകളും പ്രചാരണ പരിപാടികളും പുരോഗമിക്കുകയാണ്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് തദ്ദേശ വാർഡുകളെ കുറിച്ച് മനസ്സിലാക്കാം.

(ഹോൾഡ് വോയ്സ്......)

***************************

## തിരഞ്ഞെടുപ്പ് (വോയ്സ്)

1200 തദ്ദേശ സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത് . 2025 ലെ ഡെലിമിറ്റേഷന് ശേഷം 941 ഗ്രാമപഞ്ചായത്തുകളിലെ 17,337 വാർഡുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2,267 വാർഡുകൾ, 14 ജില്ലാ പഞ്ചായത്തുകളിലെ 346 വാർഡുകൾ, 87 മുനിസിപ്പാലിറ്റികളിലെ 3,241 വാർഡുകൾ, 6 കോർപ്പറേഷനുകളിലെ 421 വാർഡുകൾ ഉൾപ്പെടെ 23,612 വാർഡുകളാണ് സംസ്ഥാനത്ത്

ആകെ ഉള്ളത് . നിലവിലെ തദ്ദേശ സ്ഥാപന ഭരണസമിതിയുടെ കാലയളവ് ഡിസംബർ 20ന് അവസാനിക്കും. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെ സംസ്ഥാനത്തെ 1,199 തദ്ദേശസ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പാണ് ഇപ്പോൾ നടക്കുന്നത് . മട്ടന്നൂർ നഗരസഭയുടെ കാലാവധി 2027 സെപ്റ്റംബർ 10ന് മാത്രമേ അവസാനിക്കൂ.അതിനാലാണ് ഈ വര്ഷം തിരഞ്ഞെടുപ്പ് നടക്കാത്തത്.

ന്യൂസ് ഡെസ്ക് ആകാശവാണി....

***************************

## വോട്ടെണ്ണൽ കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്. സ്ഥാനർഥികൾ പ്രചാരണവും ഊർജിതമാക്കിയിട്ടുണ്ട്.

RNU TVPM

***************************

## പരവൂർ മുനിസിപ്പാലിറ്റി (ഇൻട്രോ)

കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിൽ ഇത്തവണ ത്രികോണമത്സരം ദൃശ്യമാണ്. ഇടതും വലതും തുല്യ ബലത്തിലുളള കൗൺസിലിൽ കാര്യമായ മുന്നേറ്റത്തിനുള്ള ശ്രമത്തിലാണ് എൻ.ഡി.എ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.

(വോയ്സ്)

***************************

## പത്തനംതിട്ട (ഇൻട്രോ)

തിരഞ്ഞെടുപ്പു ദിനത്തിനു ഇനി ഒരാഴ്ച മാത്രം ശേഷിക്കേ പത്തനംതിട്ട ജില്ലയിൽ പ്രചാരണ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ............**

**(വോയ്സ്)**

*****************************

## ഓപ്പറേഷൻ സാഗർ

ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയിൽ 'ഓപ്പറേഷൻ സാഗർ ബന്ധു'വിൻറെ ഭാഗമായി മാനുഷിക സഹായം തുടർന്ന് ഇന്ത്യൻ വ്യോമസേന. മണ്ണിടിച്ചിലിൽ തകർന്ന കോട്മലയിൽ ഉൾപ്പടെ ഇന്ത്യൻ വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട്. ശ്രീലങ്കയിൽ നിന്നും രക്ഷപ്പെടുത്തിയ 237 മലയാളികൾ ഉൾപ്പടെ 335 ഇന്ത്യക്കാരെ വ്യോമസേന ഇന്നലെ തിരുവനന്തപുരത്ത് എത്തിച്ചു. ഇവർക്കായി നോർക്ക റൂട്ട്സ് എറണാകുളത്തേക്ക് പ്രത്യേക ബസ് സർവ്വീസും ഏർപ്പെടുത്തിയിരുന്നു.

RNUTVPM

*****************************

## രാജ് ഭവൻ

സംസ്ഥാന ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് ഭവൻറെ പേര് ഇന്ന് മുതൽ ലോക് ഭവൻ എന്നായി മാറും . കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ഉത്തരവിനെ തുടർന്നാണ് പേരു മാറ്റം. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറാണ് രാജ് ഭവനുകളുടെ പേരുമാറ്റം നിർദേശിച്ചത്. ലെഫ്റ്റനൻറ് ഗവർണർമാരുടെ വസതി ഇനിമുതൽ ലോക്നിവാസ് എന്നും അറിയപ്പെടും .

*****************************

## ലോക എയ്ഡ്സ് ദിനം

ഇന്ന് ലോക എയ്ഡ്സ് ദിനം. "തടസ്സങ്ങളെ മറികടക്കുക, എയ്ഡ്സ് പ്രതിരോധത്തെ പരിവർത്തനം ചെയ്യുക" എന്നതാണ്

ഈ വർഷത്തെ പ്രമേയം. ഇന്ന് ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ദിനാചരണ പരിപാടിക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ നേതൃത്വം നൽകും. 2030 ഓടെ എയ്ഡ്സ് നിർമാർജ്ജനം ചെയ്യുന്നതിന് സുസ്ഥിരമായ രാഷ്ട്രീയ നേതൃത്വം, അന്താരാഷ്ട്ര സഹകരണം, മനുഷ്യാവകാശ കേന്ദ്രീകൃത സമീപനങ്ങൾ എന്നിവയ്ക്ക് ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്തിട്ടുണ്ട്.

****************************

## മുഖ്യമന്ത്രി ഇ.ഡി നോട്ടീസ്

KIIFB മസാല ബോണ്ടുകൾ പുറത്തിറക്കിയതുമായി ബന്ധപ്പെട്ട കേസിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ ധന മന്ത്രി ടി.എം. തോമസ് ഐസക്, കിഫ്ബി സിഇഒ കെ.എം. എബ്രഹാം തുടങ്ങിയവർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നോട്ടീസ് അയച്ചു. 2019-ൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പണം സമാഹരിക്കുന്നതിൽ കിഫ്ബി, ഫെമ മാനദണ്ഡങ്ങൾ ലംഘിച്ചതായാണ് ഇഡി കണ്ടെത്തൽ. കേസിൽ ചെന്നൈയിലെ അഡ്ജുഡിക്കേറ്റിംഗ് അതോറിറ്റിക്ക് ഇ.ഡി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

RNU TVPM

****************************

## ഗുരുവായൂർ ഏകാദശി

പ്രശസ്തമായ ഗുരുവായൂർ ഏകാദശി ഇന്ന്. ക്ഷേത്രത്തിൽ വൻഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ദശമി ദിവസമായ ഇന്നലെ പുലർച്ചെ 3ന് തുറന്ന ക്ഷേത്രനട ദ്വാദശി ദിവസമായ നാളെ രാവിലെ 8ന് മാത്രമേ അടയ്ക്കുകയുള്ളൂ. തുടർച്ചയായി 53 മണിക്കൂർ നട തുറന്നിരിക്കും. ഇന്ന് രാവിലെ 5 മുതൽ വൈകിട്ട് 5വരെ സ്പെഷ്യൽ ദർശനം അനുവദിക്കില്ല. 15 ദിവസമായി ഗുരുവായൂരിൽ നടന്നു വന്ന ചെമ്പൈ സംഗീതോത്സവത്തിനും ഇന്ന് സമാപനമാകും.

****************************

## മണ്ഡല മകരവിളക്ക്

മണ്ഡല മകരവിളക്ക് സീസൺ 15 ദിവസം പിന്നിടുമ്പോൾ ശബരിമലയിൽ ദർശനം നടത്തിയ ഭക്തരുടെ എണ്ണം 13

ലക്ഷത്തിലേക്ക്. 12 ലക്ഷത്തി 47 ആയിരത്തി 954 തീർത്ഥാടകരാണ് നവംബർ 16 മുതൽ ഇന്നലെ വൈകിട്ട് ഏഴ് മണി വരെ ദർശനം നടത്തിയത്.

******************************

## ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 88 പോയിൻറ് താഴ്ന്ന് 85,619 ലും നിഫ്റ്റി 33 പോയിൻറ് താഴ്ന്ന് 26,170 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കൂടി. പവന് 480 രൂപ കൂടി 95,680 രൂപയും ഗ്രാമിന് 11,960 രൂപയുമാണ് ഇന്നത്തെ വില.

******************************

*****************************************************************************************

RNU TVPM